Malappuram District Police

**07.09.2017 മലപ്പുറം**

ബൈക്കിലെത്തി സ്ത്രീയുടെ മാല പൊട്ടിച്ച് കടന്ന് കളഞ്ഞ പ്രതിയെ മലപ്പുറം പോലീസ് സ്പെഷ്യൽ സ്ക്വാഡ് അറസ്റ്റ് ചെയ്തു. ഷിനുമോൻ. കെ (39 വയസ്സ്), S/O ജയിംസ് & ആലീസ്, ചാവരുപാറ ഹൗസ്, പാറത്തോട്- PO, പൊന്മല, കോട്ടയം- DT *(ഇപ്പോൾ മലപ്പുറം കോലാർ കളപ്പാടൻ കമറുദ്ദീൻെറ കോട്ടേഴ്സിൽ താമസം)* എന്നയാളാണ് പോലീസ് പിടിയിലായത്. സംഭവം ഇങ്ങനെ; മലപ്പുറം മൈലപ്പുറത്തെ കോട്ടേഴ്സിൽ താമസിക്കുകയായിരുന്ന പ്രതി കഴിഞ്ഞ നാലാം തിയ്യതി വൈകിട്ട് കുടുംബത്തോടൊപ്പം കോട്ടക്കുന്നിലേക്ക് വന്നു. മോഷണം നടത്തണം എന്ന് നേരത്തെ പ്ലാൻ ചെയ്ത് വന്ന പ്രതി രണ്ട് ഷർട്ട് ധരിച്ചാണ് വന്നത്. ഭാര്യയേയും കുട്ടികളേയും കോട്ടക്കുന്നിൽ ഇറക്കിയ ശേഷം വാറങ്കോട് എത്തി ബൈക്ക് അവിടെ നിർത്തി. പാടത്തേക്കിറങ്ങി പരിസരത്തൊന്നും ആരുമില്ലെന്ന് ഉറപ്പാക്കിയ ശേഷം അവിടെ പതുങ്ങി നിൽക്കുകയും കുറച്ച് കഴിഞ്ഞ് അത് വഴി വന്ന സ്ത്രീയുടെ കഴുത്തിൽ നിന്നും മാല പൊട്ടിച്ച് ഓടിച്ചെന്ന് ബൈക്കിൽ കയറി രക്ഷപ്പെടാൻ ശ്രമിക്കവെ വെപ്രാളത്തിനിടക്ക് ചാവി എടുക്കാൻ പറ്റിയില്ല. ആളുകൾ ഓടിക്കൂടുമെന്ന് ഭയന്ന പ്രതി ബൈക്ക് അവിടെ ഉപേക്ഷിച്ച് വയലിലൂടെ ഇറങ്ങിയോടി തിരിച്ചറിയാതിരിക്കാൻ മുകളിൽ ധരിച്ചിരുന്ന ഷർട്ട് അഴിച്ച് തോട്ടിലേക്ക് എറിഞ്ഞ ശേഷം മച്ചിങ്ങൽ ബൈപ്പാസിൽ എത്തി ഓട്ടോ വിളിച്ച് വീണ്ടും കോട്ടക്കുന്നിലെത്തി. അവിടുന്ന് മടങ്ങുന്ന സമയത്ത് ബൈക്ക് കാണാനില്ലെന്ന് നടിച്ച് ഭാര്യയേയും കുട്ടികളേയും കൂട്ടി മലപ്പുറം പോലീസ് സ്റ്റേഷനിലെത്തി തന്നെ സംശയിക്കാതിരിക്കാനും പോലീസിൻെറ അന്വേഷണം വഴി തിരിച്ചുവിടാനും വേണ്ടി തൻെറ ബൈക്ക് കോട്ടക്കുന്നിൽ നിന്നും മോഷണം പോയതായി പരാതി കൊടുത്ത് വീട്ടിൽ പോയി. പിന്നീട് ഇക്കാര്യത്തിൽ മലപ്പുറം പോലീസ് സ്പെഷ്യൽ സ്ക്വാഡ് നടത്തിയ അന്വേഷണത്തിൽ ഇയാൾ തന്നെയാണ് കൃത്യം നടത്തിയതെന്ന് മനസ്സിലായതിൻെറ അടിസ്ഥാനത്തിൽ പിന്നീട് സ്റ്റേഷനിൽ ഹാജരായ ഇയാളെ വ്യക്തമായി ചോദ്യം ചെയ്തതോടെ പ്രതി കുറ്റം സമ്മതിക്കുകയായിരുന്നു. മലപ്പുറം സി.ഐ എ. പ്രേംജിത്തിൻെറ നേതൃത്വത്തിൽ, എസ്.ഐ വി. കുഞ്ഞിമുഹമ്മദ്, എ.എസ്.ഐ സുനീഷ് കുമാർ, സ്പെഷ്യൽ സ്ക്വാഡ് അംഗങ്ങളായ ഫിറോസ് ഖാൻ, സ്രാമ്പിക്കൽ മുഹമ്മദ് ഷാക്കിർ, എൻ.എം. അബ്ദുല്ല ബാബു, ശ്യാമ എന്നിവരാണ് പ്രതിയെ പിടികൂടി കേസിൽ തുടരന്വേഷണം നടത്തുന്നത്.